**C 33284** (Pages : 3) Name..................................

Reg. No..............................

# FIRST SEMESTER B.Sc. (L.R.P.) DEGREE EXAMINATION, NOVEMBER 2017

(CUCBCSS–UG)

Common Course—Malayalam

MAL 1A 01 (2)—മലയാള ഭാഷയും സാഹിത്യവും—I

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ബാലഭൂഷണം എന്ന ശാസ്ത്രകൃതിയുടെ കർത്താവ്.

2 മണ്ടേലയെ തടവിലിട്ടിരുന്ന ദ്വീപ്.

3 Geology എന്ന പദത്തിന്റെ മലയാള വിവർത്തനം.

4 എ.പി.ജെ. അബ്ദുൾ കലാമിനെ വ്യോമഗതികത്തിലെ സാങ്കേതിക തത്ത്വങ്ങൾ പഠിപ്പിച്ച അധ്യാപകൻ.

5 ആട്ടിൻകുട്ടിക്ക് കണ്ണ് നഷ്ടപ്പെട്ടതെങ്ങനെ ?

6 സെലക്ടീവ് സ്പ്രെയിങ്ങ് രീതി ആവിഷ്കരിച്ച ശാസ്ത്രജ്ഞൻ.

7 വാക്യം അർത്ഥവത്താകണമെങ്കിൽ എന്താണ് അന്വയമാർന്നിരിക്കേണ്ടത് ?

8 തർജ്ജമ എന്ന പദം ഏത് ഭാഷയിൽനിന്ന് മലയാളത്തിലേക്ക് പ്രചരിച്ചതാണ് ?

9 എ. അയ്യപ്പൻ അന്തരിച്ച വർഷം.

10 ഒരു ഭാഷ മറ്റൊരു ഭാഷയുടെ ലിപിയിൽ എഴുതുന്ന പ്രക്രിയ.

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 കേപ്ടൗൺ എന്ന കുടിയേറ്റ നഗരം മേശമലക്കീഴിൽ രൂപംകൊണ്ടതെങ്ങനെ ?

12 അനാവശ്യമെന്നു തോന്നുന്ന ചെടികളെ നിയന്ത്രിക്കാൻ അവയെ ഭക്ഷണമാക്കുന്ന ഷഡ്പദങ്ങളിലേക്കും ശ്രദ്ധ തിരിക്കുന്നതാണ് അഭികാമ്യം. റേച്ചൽ കാഴ്സൺ ഇത് സ്ഥാപിക്കാൻ ചൂണ്ടിക്കാണിക്കുന്ന ഉദാഹരണം ഏത് ?

13 ഭാഷാന്തരത്തെ സംബന്ധിച്ച ഏ.ആർ. രാജരാജവർമ്മയുടെ കാഴ്ചപ്പാട് എന്ത് ?

14 സംസുദ്ദീനുമൊത്തുള്ള എ.പി.ജെ. അബ്ദുൾകലാമിന്റെ അനുഭവമെന്ത് ?

**Turn over**

15 പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും ;

പരൻപുമാനും പ്രകൃതിസഹായൻ പ്രപഞ്ച ഘടനത്തിൽ

—ആശയമെന്ത് ?

(5 × 2 = 10 marks)

III. ഓരോന്നും നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 പതിനെട്ടാം നൂറ്റാണ്ടിൽ ടിപ്പു സുൽത്താൻ കണ്ട ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരമായി ഇരുപതാം നൂറ്റാണ്ടിലെ ഈ ഇന്ത്യൻ റോക്കറ്റുകളെ വിലയിരുത്താം. കലാമിന്റെ ഈ അഭിപ്രായത്തിന്റെ സാധുതയെന്ത് ?

17 ശാസ്ത്രഗ്രന്ഥ വിവർത്തനത്തിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏതെല്ലാമാണെന്നാണ് വിഷ്ണു നാരായണൻ നമ്പൂതിരിയുടെ അഭിപ്രായം ?

18 കൃഷ്ണ പരാതി പറയുന്ന അനുഭൂതി കടമ്മനിട്ട ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

19 കളനാശിനി പ്രയോഗം വന്യജീവികളിലും വളർത്തുമൃഗങ്ങളിലും ശാരീരിക പ്രശ്നങ്ങളുണ്ടാക്കുന്നതെങ്ങനെ ?

20 ഡച്ച് റിഫോംഡ് ചർച്ച് (ഡി.ആർ.സി.} അപ്പാർത്തീഡുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ ?

21 കലാമിന്റെ ജീവിതത്തിൽ ഖലീൽ ജിബ്രാന്റെ കൃതികളുടെ സ്വാധീനം വ്യക്തമാക്കുക.

22 **ഇംഗ്ലീഷിലേക്ക്** തർജ്ജമ ചെയ്യുക :

കോട്ടയത്തിനടുത്ത് മാന്നാനത്ത് മലയാള അച്ചുകളോടുകൂടിയ മൂന്നാമത്തെ പ്രസ്സ് 1844-ൽ സ്ഥാപിതമായി. സുപ്രസിദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ (1805–1871) ആണ് സ്ഥാപകൻ. മലയാളം, സംസ്കൃതം, സുറിയാനി, ലത്തീൻ, പോർച്ചുഗീസ് എന്നീ ഭാഷകളിൽ ദൃഢവ്യുൽപ്പന്നനായിരുന്നു അദ്ദേഹം. എഴുത്തുകാരൻ, വാഗ്മി, സാമൂഹിക പരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ എന്നിങ്ങനെ അനേകം വിശേഷണങ്ങൾക്ക് അർഹനാണ്.

(5 × 5 = 25 marks)

III. ഓരോന്നും **മുന്നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലെണ്ണത്തിന്** ഉത്തരമെഴുതുക :

23 ശാസ്ത്രസാഹിത്യത്തിന്റെ പൂർവകാല വളർച്ച ചുരുക്കി വിവരിക്കുക.

24 'സൃഷ്ടി' എന്ന ഭാഗത്തിലൂടെ കലാം അവതരിപ്പിച്ചിരിക്കുന്ന ജീവിതാനുഭവങ്ങൾ എന്തെല്ലാം ?

25 സക്കറിയയുടെ യാത്രാവിവരണത്തിന്റെ ശൈലി 'ഒരു ആഫ്രിക്കൻ യാത്ര'യിലെ ചരിത്രവും വർത്തമാനവും അടിസ്ഥാനമാക്കി വിശദമാക്കുക.

26 റേച്ചൽ കാഴ്സന്റെ പ്രകൃതിബോധം 'ഭൂമിയുടെ ഹരിതകഞ്ചുകം' എന്ന ലേഖനത്തെ ആസ്പദമാക്കി എഴുതുക.

27 അരചർക്കരചനുമടിമയ്ക്കടിമയുമഭിന്നർ—‘പ്രേമസംഗീത’ത്തിന്റെ ദാർശനികത മാനവബോധത്തിലധിഷ്ഠിതമാണ്. ചർച്ച ചെയ്യുക.

28 **മലയാളത്തിലേക്ക്** വിവർത്തനം ചെയ്യുക :

Yesterday, I was lying down here in the corridor on a mat spread on the floor immersed in profound thoughts about my new work. I wish to make a novel out of a very serious 'theme'. There are vague shadows in the mystery of the corridors. This agitated me. It was thus I observed the walls of the corridor shaking ! The walls not only shook but hey also moved. Even before I could get the time to become nervous the walls came crawling and squeezed me ! The wind and the light to the corridor got blocked. Unable to breathe in the tight squeeze of the haunted walls I beat my hands and legs about.

(4 × 10 = 40 weightage)